## 579

പരമസുതനെന്റെ പാപമശേഷം
തിരുമെയ് ബലിയാൽ താൻ ശിഥിലീകരിച്ചാൻ

1 കരുണാകരനവൻ-കരളലിഞ്ഞെന്നെ
ദുരിതാംബുധൗ നിന്നു കരയേറ്റിനാൻ ഹാ!-

2 പരമേശ്വരൻ മുന്നി-ലാണവാനധീരനാം
നരനെ സുരനാഥപുരിയിൽ കടത്തിനാൻ-

3 ഉരുദോഷസന്ദോഹരതനായിരുന്നെന്നിൽ
തിരുജീവനെ തൂകി പരമാത്മികനാക്കി-

4 വരുവോരനന്തമാം തിരുരാജ്യനിലയെ-
നിക്കരുളി പരമാത്മ നിറവെൻമേൽ പൊഴിച്ചു താൻ- **K.V.S.**